UNSTARRED QUESTIONS POSTED FOR ANSWER ON
22-4-1955

റോഡു്.

369. [3] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയനുസരിച്ചു് സംസ്ഥാനത്തു് എത്ര മൈൽ റോഡുകൾ കോൺക്രീറ്റു ചെയ്യുന്നതിനും ടാർക്രീറ്റു ചെയ്യുന്നതിനും ഗവണ്മെൻറു് ഉദ്ദേശിക്കുന്നു ;

(ബി) അതിൽ തിരുവല്ലാ താലൂക്കിൽനിന്നു് എത്ര മൈൽ റോഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ടു് ;

(സി) ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതു് ഏതെല്ലാം റോഡുകളാണു് ?

ഉത്തരം.

(എ) ഏകദേശം 2200 മൈൽ നീളം റോഡു് താറിടുന്നതിനും നന്നാക്കുന്നതിനും ആയി ഉദ്ദേശിക്കുന്നുണ്ടു് ;

(ബി) തിരുവല്ലാ താലൂക്കിൽനിന്നു് 50 മൈ നീളം റോഡുകൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്.

(സി) തിരുവല്ലാ-മാവേലിക്കര റോഡു്, മണിമല-റാന്നി റോഡു്, വെണ്ണിക്കുളം-റാന്നി റോഡു്, തിരുവല്ലാ-മല്ലപ്പിള്ളി റോഡു്, കോട്ടയം-കോഴഞ്ചേരി റോഡിൽ പല്ലാടു് മുതൽ കറുകച്ചാൽ വരെയുള്ള ഭാഗം.

ഫോൺ കാളിനുവേണ്ടിയുള്ള ചെലവു്.

370. [4] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954-ൽ അക്ടോബർ, നവംബർ, ഡിസംബർ എന്നീ മാസങ്ങളിൽ ഫോൺ കാളുകൾക്കുവേണ്ടി മന്ത്രിമാർ ഓരോരുത്തരും ചെലവാക്കിയ തുക എത്ര;

(ബി) ഇക്കഴിഞ്ഞ മന്ത്രിസഭ ഫോൺ കാളിനുവേണ്ടി ആകെ എത്ര രൂപ ചെലവാക്കിയിട്ടുണ്ടു്?

ഉത്തരം.

(എ)

		അക്ടോബർ	നവംബർ	ഡിസംബർ
1.	മുഖ്യമന്ത്രി	രൂ. 303-15-0	35-7-0	43-11-0
2.	ധനകാര്യമന്ത്രി	,, 83-11-0	55-5-0	95-14-0
3.	ടാൻസ്പോർട്ടുമന്ത്രി	,, 73-6-0	73-14-0	76-12-0
4.	മെഡിക്കൽ മന്ത്രി	,, 268-13-0	289-1-0	279-3-0

(ബി) ആകെ രൂപ, 10,020 അണ 7

LIBRARY ARCHIVES Kerala Legislative Assembly